13. പാരമ്പര്യ സിദ്ധ വൈദ്യന്മാർക്ക് പരികിത്സാനുമതി

ശ്രീ. എ. റ്റി. ജോർജ്: സർ, പരിത്രാതീതകാലം മുതൽ ഭാരതത്തിൽ നിലനിന്നിരുന്ന ഒരു ശാസ്ത്രീയ അടിസ്ഥാന പരികിത്സാ സമ്പ്രദായമാണ് [10.44 AM] സിദ്ധവൈദ്യം. ഋഷിപരമ്പരകളിലൂടെ എത്തിച്ചേർന്ന് ഗുരുകുല പാരമ്പര്യ സമ്പ്രദായത്തിലൂടെയും ഇന്ന് കോളേജ് പഠനത്തിലൂടെയും ഈ പരികിർസാ സമ്പ്രദായം നിലനിർക്കുന്നു. ഇത് നമ്മുടെ ഭാരതീയ പൈതൃകസ്വത്താണ്. ലോകപൈതൃക പട്ടികയിൽ ഇടംപിടിക്കാവുന്ന ഈ സമ്പ്രദായത്തെ ആധുനികതയുടെ തിളക്കമില്ലാത്തതിനാൽ നാംതന്നെ ഒഴിവാക്കി നിർത്തുന്നത് നമ്മുടെ പാരമ്പര്യത്തെയും പൈതൃകത്തെയും അവഹേളിക്കുന്നതിന് തുല്യമാണ്. ഭാരതത്തിലെ പതിനായിരക്കണക്കിന് പരികിത്സകരിലൂടെ ലക്ഷോപലക്ഷം ജനങ്ങൾക്ക് ഇതിന്റെ ഗുണം ലഭിക്കുന്നു. കേരളത്തിൽ പാറശ്ശാലമുതൽ കാസർഗോഡുവരെ ആയിരക്കണക്കിന് പാരമ്പര്യ സിദ്ധ പരികിത്സകരും അവരുടെ ആശ്രിതരും കുടുംബാംഗങ്ങളുമായി പതിനായിരക്കണക്കിനാളുകളുമുണ്ട്. ഓരോ കാലഘട്ടത്തിലുമുള്ള ജനകീയ സർക്കാരുകൾ ഇവരെ സംരക്ഷിച്ചു കൊണ്ട് മുന്നോട്ടുപോയിരുന്നു. ഈ പരികിത്സാ സമ്പ്രദായത്തെ സംരക്ഷിക്കുന്നതിലൂടെ നമ്മുടെ ഓരോ ഗ്രാമത്തിന്റെയും ആരോഗ്യ സംരക്ഷണത്തിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിയും. നിലവിലെ കോളേജ് പഠനത്തിൽ സിദ്ധവൈദ്യത്തിന്റെ അച്ചടിക്കപ്പെടാത്ത അടിസ്ഥാന ശാസ്ത്രീയ ഗ്രന്ഥങ്ങളോ ഔഷധനിർമ്മാണ രഹസ്യങ്ങളോ പഠിക്കുന്നില്ല. മോഡേൺ മെഡിസിനെ അടിസ്ഥാനമാക്കിക്കൊണ്ടുള്ളതാണ് ഇന്നത്തെ പഠനരീതി. എന്നാൽ പാരമ്പര്യ പഠനത്തിൽ മനുഷ്യശരീരത്തെ ബാധിക്കുന്ന 4448 രോഗങ്ങളെയും അവയുടെ പരികിത്സകളെയും കുറിച്ച് ആധികാരിക താളിയോല ശാസ്ത്ര ഗ്രന്ഥങ്ങളിലൂടെ പഠിക്കുന്നുണ്ട്. തറമുറകൾ കൈമാറി വരിക്കുന്ന മറ്റനേകം രഹസ്യ അറിവുകളും ഇവർക്കുമാത്രം സ്വന്തമാണ്. ഹാർട്ട് ബ്ലോക്ക്, പക്ഷാഘാതം, കാൻസർ, സോറിയാസിസ് തുടങ്ങിയ അനേകം മാരകരോഗങ്ങൾക്ക് പുരുങ്ങിയ ചെലവിലുള്ള ഔഷധസേവകൊണ്ടുമാത്രം പരിപൂർണ്ണ സുഖം പ്രാപിക്കുവാൻ കഴിയും. ഈവക കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഇതിനെക്കുറിച്ച് പഠിക്കാനായി കാര്യവട്ടം യൂണിവേഴ്സിറ്റി പരിത്ര വിഭാഗം മേധാവിയായിരുന്ന ശ്രീമതി ബിസ്മി ഗോപാലകൃഷ്ണൻ പെയർമാനായി ഒരു തെളിവെടുപ്പ് കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നടപടികൾ സ്വീകരിച്ചു. ഈ റിപ്പോർട്ടിന്റെയും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ വിവിധ ഉത്തരവുകളുടെയും തിരു-കൊച്ചി മെഡിക്കൽ കൗൺസിൽ-രജിസ്ട്രാറുടെ 18-6-2008-ലെ എച്ച്. 2013/08 നമ്പർ കത്തിന്റെയും അടിസ്ഥാനത്തിൽ കേരള ആരോഗ്യ കുടുംബക്ഷേമ വകുപ്പ് സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 145/09 4-6-2009-ാം തീയതിയായി സിദ്ധ വൈദ്യത്തിൽ അഞ്ച് വർഷത്തെ ഗുരുകുല പാരമ്പര്യ പഠനശേഷം പരികിത്സ നടത്തിവരുന്നവരെ 1953-ലെ മെഡിക്കൽ ആക്ട് സെക്ഷൻ 38(1) അനുസരിച്ച് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽനിന്ന് ഇളവ് നൽകിക്കൊണ്ട് ഉത്തരവുണ്ടായി. എന്നാൽ ഈ ഉത്തരവ് നടപ്പാക്കുന്നതിനുള്ള തുടർ നടപടികളുണ്ടായിട്ടില്ല. കേരളത്തിൽ ആദ്യമായി ഒരു സിദ്ധ കോളേജ്

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുന്നത് ബഹുമാനപ്പെട്ട എ. കെ. ആന്റണി സർക്കാരിന്റെ ഭരണകാലത്താണ്. അതിനുമുമ്പ് കേരളത്തിലെ വ്യവസ്ഥാപിത പഠനകേന്ദ്രം സർക്കാർതലത്തിൽ ഇല്ലായിരുന്നു.

മി. സ്പീക്കർ: ശ്രീ. എ. റ്റി. ജോർജ്, ഒരു സബ്മിഷന് ഇത്രയും സമയമെടുക്കാൻ പാടില്ല.

ശ്രീ. എ. റ്റി. ജോർജ്: സർ, ഗുരുകുല സമ്പ്രദായപഠനരീതി മെച്ചപ്പെടുന്ന നിലയിലായതിനാൽ സിദ്ധ കോളേജ് സമർപ്പിക്കുന്നതിനുമുമ്പ് പാരമ്പര്യ ഗുരുകുല രീതിയിൽ പഠിച്ച് ചികിത്സ നടത്തിക്കൊണ്ടിരുന്നവർക്ക് 4-6-2009-ലെ 145/09-ാം നമ്പർ സർക്കാർ ഉത്തരവ് പുനഃസമർപ്പിച്ച് അഞ്ചാം ഖണ്ഡിക പ്രകാരം ഇളവനുവദിച്ച് ചികിത്സാ അംഗീകാരം നൽകണമെന്ന് ഞാൻ ഗവൺമെന്റിനോട് ആവശ്യപ്പെടുന്നു.

10.48.AM ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, അംഗീകൃത വിദ്യാഭ്യാസയോഗ്യതയുടെ അടിസ്ഥാനത്തിൽ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ലഭിച്ചിട്ടില്ലാത്ത ഏതൊരാൾക്കും മെഡിക്കൽ പ്രാക്ടീഷണർ എന്ന നിലയിൽ പ്രവർത്തിക്കാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല. ഇത് സംസ്ഥാനത്തെ പാരമ്പര്യ സിദ്ധ വൈദ്യന്മാർക്കും ബാധകമാണ്. കേരളത്തിൽ ആയുർവ്വേദം, സിദ്ധ, മർമ്മ, ബദൽ ചികിത്സ തുടങ്ങിയ ഏത് ചികിത്സയ്ക്കും ഭാരതീയ ചികിത്സാ രീതിയനുസരിച്ച് ഒരു ചികിത്സകനാകുന്നതിന് ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ അനിവാര്യമാണ്. 1953-ലെ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, സെക്ഷൻ 38 അനുശാസിക്കുന്ന അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും നിർദ്ദിഷ്ട വിദ്യാഭ്യാസ യോഗ്യത നേടിയിട്ടുള്ളവർക്ക് മാത്രമേ ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിന്റെ രജിസ്ട്രേഷൻ ലഭിക്കുകയുള്ളൂ. മാത്രമല്ല, 1970-ലെ ഇൻഡ്യൻ മെഡിക്കൽ സെൻട്രൽ കൗൺസിൽ ആക്ട്, സെക്ഷൻ 17 പ്രകാരവും ഇക്കാര്യം അനുശാസിക്കുന്നുണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി ചീഫ് ജസ്റ്റിസ് അടങ്ങുന്ന രണ്ടംഗ ബഞ്ചിന്റെ 2003 ജനുവരി 8-ാം തീയതിയിലെ വിധിയിലും ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യങ്ങൾ നിലനിൽക്കെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് നിയമത്തിലെ 38-ാം വകുപ്പ് പ്രകാരം തങ്ങളെ രജിസ്ട്രേഷനിൽനിന്ന് ഒഴിവാക്കണമെന്നും തങ്ങളുടെ ജീവിതമാർഗ്ഗം സംരക്ഷിക്കണമെന്നും കാണിച്ച് രജിസ്ട്രേഷനില്ലാത്ത പാരമ്പര്യ വൈദ്യന്മാരും അംഗീകൃത വിദ്യാഭ്യാസ യോഗ്യതയില്ലാത്ത ഹോമിയോപ്പതി പ്രാക്ടീഷണർമാരും ആവശ്യമുന്നയിച്ചതിന്റെ അടിസ്ഥാനത്തിൽ 4-6-2009-ലെ ഉത്തരവുപ്രകാരം 1953-ലെ തിരു-കൊച്ചി മെഡിക്കൽ പ്രാക്ടീഷണേഴ്സ് ആക്ട്, സെക്ഷൻ 38(1) അനുസരിച്ച് രജിസ്ട്രേഷൻ എടുക്കണമെന്ന വ്യവസ്ഥയിൽ നിന്നും ഇളവ് വരുത്തുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. എന്നാൽ സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിന്റെ 3-7-2009-ലെ കത്തിൽ കേന്ദ്ര നിയമങ്ങൾക്ക് വിരുദ്ധമായതിനാൽ ഈ ഉത്തരവ് പിൻവലിക്കണമെന്ന് സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ

LIBRARY ARCHIVES Kerala Legislative Assembly

മെഡിസിൻ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 17-8-2009-ലെ സർക്കാർ ഉത്തരവുപ്രകാരം 4-6-2009-ലെ സർക്കാർ ഉത്തരവ് തൽക്കാലം നടപ്പാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയുണ്ടായി. ആയതിനുശേഷം 21-2-2010-ലെ സർക്കാർ ഉത്തരവുപ്രകാരം നിശ്ചിതയോഗ്യതയുള്ള മറ്റാർ ക്കേഡറിലെ പാരമ്പര്യ ആയുർവ്വേദ വൈദ്യന്മാരും അംഗീകൃത യോഗ്യതയില്ലാത്ത പേരാമ്പിയോപ്പതി ചികിത്സകരെയും രജിസ്ട്രേഷൻ എടുക്കണമെന്നുള്ള വ്യവസ്ഥ യിൽനിന്ന് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ ഡബ്ല്യു.പി.(സി.)നമ്പർ6579/2011, 12533/2011 എന്നീ കേസ്സുകളിലെ ഇടക്കാല ഉത്തരവിലൂടെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് സ്റ്റേ നിലവിലുണ്ട്. ഈ സാഹചര്യം കണക്കിലെടുത്ത് പാരമ്പര്യ സിദ്ധക്കേഡറിൽ പ്രവർത്തിച്ചുവരുന്ന സിദ്ധ വൈദ്യന്മാർക്ക് ചികിത്സ നടത്തുന്നതിനുള്ള അനുമതി നൽകണമെന്നുള്ള ആവശ്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

14. ജില്ലാ ആശുപത്രിയായി ഉയർത്തൽ

10.50.AM] ശ്രീ. കെ. അജിത് : സർ, വൈക്കം താലൂക്ക് ആശുപത്രി ജില്ലാ ആശുപത്രിയുടെ പരിധിയിലേക്ക് ഉയർത്തണമെന്നതാണ് എന്റെ സബ്മിഷൻ. 1893-ൽ വൈക്കത്ത് സർക്കാർ ആശുപത്രി സ്ഥാപിക്കുകയും ഏതാണ്ട് 6 ഏക്കറോളം സ്ഥലത്ത് ഇതിന്റെ പ്രവർത്തനം നടത്തുകയും ചെയ്യുകയാണ്. കുമരകം, പേർത്തല, എറണാകുളം ജില്ലയുടെ തെക്കൻ പ്രദേശങ്ങളിൽ പനിപോലുള്ള രോഗങ്ങൾ ബാധിക്കുന്ന സീസണുകളിൽ 2000-ത്തിലധികം രോഗികളാണ് അവിടത്തെ ഒ.പി.-യിൽ വരാറുള്ളത്. സാധാരണ നിലയിൽ 1300-1500 രോഗികൾ വരെ ദിനംപ്രതി വരുന്നുണ്ട്. ഇപ്പോൾ അവിടെ 19 സ്ഥിരം ഡോക്ടർമാരും 4 താൽക്കാലിക ഡോക്ടർമാരുമുണ്ട്. കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലഘട്ടത്തിൽ നടപ്പിലാക്കുന്ന കാഷ്വാലിറ്റി ബ്ലോക്ക്, തിയേറ്റർ, അമ്മയും കുഞ്ഞും ആശുപത്രി എന്നിവയുടെ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ഇവിടെനിന്നും കോട്ടയം മെഡിക്കൽ കോളേജിലേക്ക് 32 കിലോമീറ്റർ ദൂരമാണുള്ളത്. സമാനമായ ദൂരം തന്നെയാണ് ആലപ്പുഴ മെഡിക്കൽ കോളേജിലേക്കും എറണാകുളത്തെ സഹകരണ ആശുപത്രികളിലേക്കുമുള്ളത്. ഇവിടെവച്ച് രോഗികൾക്ക് എന്തെങ്കിലും അപകടം സംഭവിച്ചുകഴിഞ്ഞാൽ എത്തിപ്പെടാൻ സാധ്യതയില്ലാത്തതുകൊണ്ടും അവിടെ അത്യാധുനികമായ ചികിത്സാ സൗകര്യങ്ങളില്ലാത്തതുകൊണ്ടും നിരവധി രോഗികൾ മരണമടയുകയാണ്. ആക്സിഡന്റ് ഉണ്ടായിക്കഴിഞ്ഞാൽ കോട്ടയം മെഡിക്കൽ കോളേജിലേക്ക് എത്തുന്നരോഗി വഴിമദ്ധ്യേ മരിക്കുന്ന നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. ഇപ്പോൾ പി.ഡബ്ല്യു.ഡി.-യുടെ ബിൽഡിംഗ്സ് വിഭാഗം 8 നില കെട്ടിടത്തിന്റെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഇതെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് വൈക്കത്തെ ഒരുപാട് രോഗികൾ ആശ്രയിക്കുന്ന ഈ താലൂക്ക് ആശുപത്രിയെ (കോട്ടയം ജില്ലാ ആശുപത്രിയെ ഇപ്പോൾ ജനറൽ ആശുപത്രിയായി ഉയർത്തിയ സാഹചര്യത്തിൽ ജില്ലാ ആശുപത്രിയുടെ റോൾ കിടക്കുകയാണ്) ജില്ലാ ആശുപത്രിയായി ഉയർത്തുന്നതിന് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും അനുകൂലമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly